(ഇ) സുരേഷിന്റെ സസ്പെൻഷന് ആധാരമായ കാരണം എന്താണെന്ന് വിശദമാക്കുമോ;

(എഫ്) അത് സംബന്ധിച്ച് അന്വേഷണം പൂർത്തിയായിട്ടുണ്ടോ; വിശദാംശം നൽകുമോ,

(ജി) സുരേഷിന്റെ സസ്പെൻഷൻ റദ്ദാക്കി തിരികെ സർവ്വീസിൽ പ്രവേശിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് വിജിലൻസ് വകുപ്പ് നടത്തിയ അന്വേഷണത്തെത്തുടർന്ന് ഇൻഡ്യൻ പീനൽകോഡിലെ 468, 469 വകുപ്പുകൾ പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയുണ്ടായി.

(ബി) കണ്ടെത്തിയിട്ടില്ല.

(സി) അന്വേഷിച്ചിട്ടില്ല.

(ഡി) അന്വേഷിച്ചിട്ടുണ്ട്. കുറ്റക്കാരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

(ഇ) പാലക്കാട് ഗ്രീഷ്മയിൽ 'ഭാഗി' എന്ന സ്ത്രീയെ വീട്ടിൽ കയറി ആക്രമിച്ചതായ ആരോപണത്തെത്തുടർന്ന് ഇക്കാര്യത്തിൽ അന്വേഷണം നടത്തിയ പാലക്കാട് ജില്ലാ പോലീസ് സൂപ്രണ്ടിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ശ്രീ. സുരേഷ് കുമാറിനെ സർവ്വീസിൽ നിന്നും സസ്പെൻഡു ചെയ്തത്.

(എഫ്) ഈ കേസ്സിന്റെ അന്വേഷണം പാലക്കാട് ജില്ലാ പോലീസിന്റെ നിർദ്ദേശപ്രകാരം പാലക്കാട് ക്രൈംബ്രാഞ്ച് പോലീസിന് കൈമാറിയിട്ടുണ്ട്. അന്വേഷണം നടന്നുവരികയാണ്.

(ജി) ഉണ്ട്.

87 (1447) സസ്പെൻഡ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻമാരെ തിരിച്ചെടുക്കാൻ നടപടി

ശ്രീ. എം.കെ. മുനീർ :
ശ്രീ പി.കെ.കെ. ബാവ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെകാലത്ത് സർവ്വീസിൽനിന്ന് സസ്പെൻഡ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻമാരെ ഈ ഗവൺമെന്റ് തിരിച്ച് ജോലിയിൽ പ്രവേശിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേരെ;

(ബി) അവർ കുറ്റക്കാരല്ലെന്നു തെളിഞ്ഞതിന്റെ അടിസ്ഥാനത്തിൽ ആണോ ജോലിയിൽ പ്രവേശിപ്പിച്ചത്;

(സി) ഇല്ലെങ്കിൽ എന്ത് അടിസ്ഥാനത്തിലാണ് അവരെ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ),(ബി)&(സി) വിവരം ശേഖരിച്ചുവരുന്നു.

88 (1448) സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർക്ക് എതിരെ സ്വീകരിക്കുന്ന നടപടികൾ

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.എ.എസ്. ഉദ്യോഗസ്ഥന്മാർക്കെതിരെ സ്വീകരിച്ച നടപടികളെ സംബന്ധിച്ചോ, അവർക്കുള്ള പരാതികളെ സംബന്ധിച്ചോ, എന്തെങ്കിലും നിവേദനം രേഖാമൂലമോ നേരിട്ടോ ഐ.എ.എസ്. ഓഫീസേഴ്സ് അസോസിയേഷൻ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അവ എന്തെല്ലാമായിരുന്നു;

(സി) ഇതിൻമേൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു?

ഉത്തരം

(എ) ഇല്ല.

(ബി)&(സി) ഉദിക്കുന്നില്ല.

89 (1449) യു.ഡി.എഫി.ന്റെ നേതൃത്വത്തിൽ നടന്ന ഹർത്താൽ

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 10.6.'99-ന് യു.ഡി.എഫി.ന്റെ നേതൃത്വത്തിൽ നടന്ന ഹർത്താലിന്റെ ഭാഗമായി സംസ്ഥാനത്ത് ഏതെല്ലാം സ്ഥലത്ത് അക്രമസംഭവങ്ങൾ നടന്നിട്ടുണ്ട്;

(ബി) ഈ അക്രമസംഭവങ്ങളിൽ എത്ര പേർക്ക് പരിക്കുപറ്റിയിട്ടുണ്ട്;

(സി) എത്ര വാഹനങ്ങൾക്ക് കേടുപാട് സംഭവിച്ചിട്ടുണ്ട്;

(ഡി) അക്രമസംഭവത്തോടനുബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഇ) ഈ കേസ്സുകളിൽപ്പെട്ട എത്ര യു.ഡി.എഫ്.കാരെ അറസ്റ്റ് ചെയ്തിട്ടുണ്ട്;

(എഫ്) അക്രമസംഭവങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിരുന്നത്;

(ജി) അക്രമസംഭവങ്ങളിൽ ഉൾപ്പെട്ടവരുടെ പേരിൽ കർശനമായ ശിക്ഷാ നടപടി സ്വീകരിക്കുമോ;

(എച്ച്) അക്രമസംഭവങ്ങളിൽ കേടുപാടു സംഭവിച്ച വാഹനങ്ങളുടെ നഷ്ടം ബന്ധപ്പെട്ടവരിൽനിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

LIBRARY ARCHIVES Kerala Legislative Assembly